# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3627 — 15/7/2015-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടി വെള്ള പദ്ധതി പ്രകാരം വിതരണം നടത്തുന്ന കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം അനുവദനീയമായ അളവിലും കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽവന്നിരുന്നു. പ്രശ്നം പരിഹരിക്കപ്പെട്ടു. |
| (ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഏജൻസി പഠനം നടത്തിയിട്ടുണ്ടോ; | (ബി) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റും (CWRDM) കോഴിക്കോട് കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയും ഗുണനിലവാര പരിശോധന സ്ഥിരമായി നടത്തിവരാറുണ്ട്. |
| (സി) ഉണ്ടെങ്കിൽ പരിശോധനയിൽ എന്തെല്ലാം കണ്ടെത്തലുകളാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ; | (സി) & (ഡി) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രധാന പൈപ്പ് ലൈനിലെ എയർ വാൽവിന്റെ അറ്റകുറ്റ പണികൾ 15/6/2015-ൽ നടത്തിയതിനുശേഷം വിതരണം പുനരാരംഭിച്ചപ്പോൾ കുടിവെള്ളത്തിൽ ടർബിഡിറ്റി, ഇരുമ്പ് എന്നിവയുടെ അളവ് അനുവദനീയമായ അളവിൽ കൂടുതലാണെന്ന് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. പരിഹാര നടപടികൾ കൈക്കൊണ്ടു. നിലവിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ അനുവദനീയമായ അളവിലും കൂടുതലായി ഇരുമ്പിന്റെ അംശം കാണപ്പെടുന്നില്ല. ഈ പ്രശ്നം ആവർത്തിക്കാതിരിക്കാൻ വേണ്ടതായ ശുദ്ധീകരണ പ്രക്രിയകൾ ഫലപ്രദമായി നടത്തിവരുന്നുണ്ട്. |
| (ഡി) അനുവദനീയ അളവിൽ കൂടുതൽ ഇരുമ്പ് കലർന്ന വെള്ളം ഉപയോഗിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്നതിനാൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ